# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## അനധികൃത കെട്ടിടങ്ങൾക്ക് നിയമസാധുത

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1692 01.11.19- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 2017 ജൂലൈ 31 വരെ നിർമ്മിച്ച അനധികൃത കെട്ടിടങ്ങൾക്ക് പിഴ ഈടാക്കിക്കൊണ്ട് നിയമസാധുത നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവിടങ്ങളിൽ 31/7/2017-ന് മുൻപ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനായി 15.02.2018-ാം തീയതിയിലെ G.O.(P) No. 11/2018/LSGD, G.O.(P) No.12/2018/LSGD എന്നീ ഉത്തരവുകൾ പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണങ്ങൾ മേൽ ക്രമവത്കരണ ചട്ടങ്ങളിൽ പ്രതിപാദിയ്ക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കാവുന്നതാണ്. |
| (ബി) | ഇപ്രകാരം എത്ര കെട്ടിടങ്ങൾക്ക് ഇതിനകം നിയമസാധുത നൽകി; പിഴയിനത്തിൽ എന്ത് തുക ലഭിച്ചുവെന്ന് അറിയിക്കുമോ? | (ബി) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 269 കെട്ടിടങ്ങൾക്കും മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷനുകളിൽ 286 കെട്ടിടങ്ങൾക്കും ഇപ്രകാരം നിയമസാധുത നല്കിയിട്ടുണ്ട്. പിഴ ഇനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 28,486,133 രൂപയും മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിന്ന് 5,54,97,556 രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ